Santhigiri

ഗുരുവാണി

"എത്ര കൊള്ളരുതാത്തവരായാലും നിങ്ങളുടെ മക്കളെക്കൊണ്ട്
മറ്റൊരാളിനുകൂടിയെങ്കിലും ഉപകാരം ഉണ്ടായിരിക്കണം"

# ഉമ്മിണിതങ്കം

VOL 03 | ISSUE 39 | 2017 സെപ്റ്റംബർ 10 | 1193 ചിങ്ങം 25

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

## ഹെൽത്ത്കെയർ സോൺ പ്രാർത്ഥനാലയം നിർമ്മാണം പുരോഗമിക്കുന്നു അഭിവന്ദ്യ ശിഷ്യപൂജിത സന്ദർശിച്ചു

**ഹെൽത്ത്കെയർ സോൺ:** നിർമാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്ന ഹെൽത്ത് കെയർ സോൺ പ്രാർത്ഥനാലയത്തിൽ അഭിവന്ദ്യ ശിഷ്യപൂജിത സന്ദർശനം നടത്തി, പൂജാമുറിയിലെ ഓങ്കാരം താല്ക്കാലികമായി കമ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിനു സമീപമുള്ള പൂജാമുറിയിലേക്ക് മാറ്റി പ്രതിഷ്ഠിച്ചു.

സെപ്റ്റംബർ 6, ബുധനാഴ്ച രാവിലെ 8.15 നാണ് അഖണ്ഡനാമജപങ്ങളാൽ മുഖരിതമായ ഹെൽത്ത്കെയർ സോണിൽ പ്രാർത്ഥനാനിർഭരരായി നിന്നിരുന്ന ആത്മബന്ധുക്കളുടെ മധ്യത്തിലേക്ക് അഭിവന്ദ്യ ശിഷ്യപൂജിതയുടെ വാഹനം എത്തിച്ചേർന്നത്. സന്ന്യാസിസന്ന്യാസിനിമാരുടെയും ആത്മബന്ധുക്കളുടെയും വാഹനങ്ങൾ ശിഷ്യപൂജിതയെ അനുഗമിച്ചിരുന്നു. പ്രാർത്ഥനാലയത്തിൽ എത്തിയ അഭിവന്ദ്യ ശിഷ്യപൂജിത പൂജാമുറിയിലെത്തി സങ്കല്പാദികർമ്മങ്ങൾ നടത്തി. പിന്നീട് 8.25 ന് കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റിനു സമീപത്തെ പൂജാമുറിയിൽ എത്തി ഓങ്കാരം പ്രതിഷ്ഠിച്ചു. തുടർന്ന് സന്ന്യാസിമാരുടെ നേതൃത്വത്തിൽ പ്രത്യേക പുഷ്പാഞ്ജലിയും ആരാധനയും നടന്നു. കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റ് ചുമതലക്കാർ ശിഷ്യപൂജിതയ്ക്ക് തട്ടം സമർപ്പിച്ചു. ഒൻപത് മണിയോടുകൂടി ശാന്തിഗിരി ആയുർവേദ-സിദ്ധ വൈദ്യശാലയിലെത്തിയ ശിഷ്യപൂജിത സന്ന്യാസിമാർക്കൊപ്പം നവീകരിച്ച ടാബ്ലെറ്റ് പഞ്ചിംഗ് മെഷീൻ യൂണിറ്റ്, ബോയിലർ സെക്ഷൻ, അരിഷ്ടം സെക്ഷൻ, ഓയിൽ സെക്ഷൻ എന്നിവ സന്ദർശിച്ചു. തുടർന്ന് എസ്.എ.എസ്.വി.യിലെ പൂജാമുറിയിലെത്തിയ ശിഷ്യപൂജിതയ്ക്ക് യൂണിറ്റ് ചുമതലക്കാരുടെ നേതൃത്വത്തിൽ തട്ടം സമർപ്പിച്ചു. പ്രസാദവിതരണവും നടന്നു. 9.25 മണിയോടെ യാത്ര തിരിച്ച അഭിവന്ദ്യ ശിഷ്യപൂജിത 9.30 ന് ആശ്രമത്തിലെത്തി. ശാന്തിഗിരി ആശ്രമം പ്രസിഡന്റ് സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി, ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി തുടങ്ങിയവരുടെ നേതൃത്വത്തിൽ സന്ന്യാസിസന്ന്യാസിനിമാരും ആത്മബന്ധുക്കളും ശിഷ്യപൂജിതയെ അനുഗമിച്ചു. 2016 നവംബർ 7 നാണ് ഹെൽത്ത്കെയർ സോൺ പ്രാർത്ഥനാലയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇപ്പോൾ മേൽക്കൂരയുടെ കോൺക്രീറ്റിംഗ് വർക്ക് വരെ പൂർത്തിയായിട്ടുണ്ട്.ഇനി പ്ലാസ്റ്ററിംഗ്, ഡിസൈനിംഗ്, ഫ്ളോറിംഗ്, ഇലക്ട്രിഫിക്കേഷൻ, ലാൻഡ്സ്കേപ്പിംഗ് തുടങ്ങിയ പണികളാണ് പൂർത്തിയാകാനുള്ളത്.



*ഹെൽത്ത്കെയർ സോൺ പ്രാർത്ഥനാലയത്തിൽ അഭിവന്ദ്യ ശിഷ്യപൂജിത എത്തിയപ്പോൾ പ്രാർത്ഥനാനിരതായി സന്ന്യാസിസന്ന്യാസിനിമാരും ആത്മബന്ധുക്കളും*

## പൂർണ്ണ കുംഭമേളയ്ക്ക് ആശ്രമം ഒരുങ്ങുന്നു

**സ്പിരിച്വൽ സോൺ:** ഈ വർഷത്തെ പൂർണ കുംഭമേളയ്ക്കുള്ള ഒരുക്കങ്ങൾ ആശ്രമത്തിൽ നടന്നുവരുന്നു. ബ്രഹ്മകല്പിതമായി ലഭിച്ച ആഘോഷമായ ശാന്തിഗിരിയിലെ കുംഭമേള ലോകോത്തരമായ ഉത്സവവും ഭക്തിയുടെ സമാരോഹവും എന്ന നിലയിലാണ് ആഘോഷിക്കുന്നത്. പൂർണ കുംഭമേള ദിവസമായ സെപ്റ്റംബർ 20 ന് (1193 കന്നി 4) രാവിലെ മുതൽ പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങൾ ആശ്രമത്തിൽ നടക്കും. രാവിലെ അഞ്ചു മണിക്ക് പർണശാലയിൽ നടക്കുന്ന പ്രത്യേക പുഷ്പാഞ്ജലിയോടെ ചടങ്ങുകൾക്ക് തുടക്കമാകും. സന്ന്യാസസംഘത്തിന്റെയും നിയുക്തരായ എഴുപത്തിരണ്ട് പേരുടെയും പുഷ്പാഞ്ജലി ഉണ്ടായിരിക്കും. ആറുമണിക്ക് ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ച് ധ്വജാരോഹണം നടത്തും. അതേതുടർന്ന് സന്ന്യാസസംഘത്തിന്റെയും ഗുരുഭക്തരുടെയും പുഷ്പസമർപ്പണവും നടക്കും. ഉച്ചയ്ക്ക് ഗുരുദർശനം, ഗുരുപാദവന്ദനം, വിവിധ സമർപ്പണങ്ങൾ, പ്രസാദവിതരണം എന്നിവ ഉണ്ടായിരിക്കും. വൈകുന്നേരം നാലുമണിയോടെയാണ് കുംഭഘോഷയാത്ര ആരംഭിക്കുക. യജ്ഞശാലയിൽ നിന്നാരംഭിച്ച് സ്പിരിച്വൽ സോൺ വലംവച്ച് നാലാംനമ്പർ ഗേറ്റിലൂടെ പ്രധാന വീഥിയിൽ പ്രവേശിച്ചശേഷം കമ്യൂണിറ്റി കിച്ചണിന് സമീപത്തുകൂടി ഒന്നാം ഗേറ്റിനു മുൻപിൽ വന്ന് തിരിച്ച് ആശ്രമത്തിലേക്കു മടങ്ങുന്ന വിധമാണ് കുംഭഘോഷ യാത്ര നടക്കുക. പൂർണ്ണകുംഭമേളയിൽ പങ്കെടുക്കുന്നതിന് രാജ്യമെമ്പാടു നിന്നും വിദേശത്തുനിന്നടക്കം നൂറുകണക്കിന് ഗുരുഭക്തർ ആശ്രമത്തിൽ എത്തിച്ചേരും.

സമാനതകളില്ലാത്ത ഒരാഘോഷമാണ് ശാന്തിഗിരിയിലെ കുംഭമേള. നവജ്യോതി ശ്രീ കരുണാകരഗുരുവിനാൽ സംസ്ഥാപിതമായ ബ്രഹ്മനിശ്ചയം ഉദ്ഘോഷിക്കുന്ന പരമപവിത്രമായ ഈ കർമ്മം വരും കാലങ്ങളിൽ ഉലകത്തിന്റെ മൊത്തം ആഘോഷമേളയായും പാപപരിഹാര കർമ്മമായും മാറുമെന്നുള്ളത് ബ്രഹ്മനിശ്ചയം തന്നെയാണ്. ഇത്രയും വിശേഷപ്പെട്ട കുംഭമേളയുടെ ഭക്തിനിർഭരവും വ്രതനിഷ്ഠവുമായ ആചരണം ഇതിൽ സംബന്ധിക്കുന്ന ഓരോരുത്തർക്കും പകർന്നു നല്കുന്നപുണ്യവും കർമപ്രാപ്തിയും വിവരണാതീതമത്രെ.

"യുഗാന്തരങ്ങളായി ഞാൻ ആഗ്രഹിച്ച കാര്യം ഇന്ന് സഫലമായി, എനിക്ക് തൃപ്തിയായി" എന്ന ദൈവവാക്ക് ലഭിച്ച ദിവസമാണ് 1973 ലെ കന്നി 4. ഇരുപത്തിയഞ്ച് ചതുർയുഗങ്ങളായി ദിശതെറ്റി ഉഴറിയ മാനവകുലത്തെ ദൈവോന്മുഖമായ അതിന്റെ യഥാർത്ഥപാതയിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ ഗുരുവിന് സാധിച്ചു. ഈയൊരു ദൗത്യപൂർത്തീകരണത്തിനായി ബ്രഹ്മം യുഗങ്ങൾക്ക് മുമ്പു തന്നെ മാറ്റിനിർത്തിയിരുന്ന ജീവനായിരുന്നു ഗുരുവിന്റേത്. പരമപവിത്രവും ത്യാഗോജ്ജ്വലവുമായ ഈ വിശേഷദിവസത്തിന്റെ അനുസ്മരണം വഴി ലഭ്യമാകുന്ന പാപവിമുക്തിയും നന്മകളും വിവരണാതീതമാണ്. അതാണ് പൂർണ്ണ കുംഭമേളയുടെ സവിശേഷമായ പ്രാധാന്യവും.

പൂർണ്ണ കുംഭമേളയിൽ ഭക്തിപൂർവം പങ്കെടുക്കുന്നവർക്ക് ജന്മാന്തരങ്ങളായി തങ്ങളെ പിന്തുടരുന്ന പാപകർമങ്ങളുടെ കെട്ടുകളിൽ നിന്ന് മോചനം ലഭിക്കുമെന്ന് ഗുരു അരുളി ചെയ്തിട്ടുണ്ട്. തുടർച്ചയായി 12 കുംഭം എടുക്കുന്നവർക്ക് ഘോരമായ കർമദോഷങ്ങളിൽ നിന്നുപോലും വിമുക്തി ലഭിക്കും. ആയതിനാൽ അതീവപ്രാധാന്യത്തോടെ സമീപിക്കേണ്ട ആഘോഷമാണ് പൂർണ്ണകുംഭമേള. മനുഷ്യന്റെ നിശ്ചയസീമയ്ക്കും അപ്പുറം ബ്രഹ്മസന്നിധിയിൽ നിന്നും കിട്ടിയിട്ടുള്ള അറിയിപ്പിന്റെ അടിസ്ഥാനത്തിലാണ് കുംഭമേളയുടെ വ്രതനിഷ്ഠ രൂപപ്പെടുത്തിയിട്ടുള്ളത്.

യുഗാന്തരങ്ങളായി വന്നുപോയിട്ടുള്ള തെറ്റുകളും കർമദോഷങ്ങളും സർവ ജീവാത്മാക്കളിൽ നിന്നും പിതൃക്കളിൽ നിന്നും ഇന്നോളം വന്ന എല്ലാ ഗുരുപരമ്പരകളിൽ നിന്നും ദേവപരമ്പരകളിൽ നിന്നും ഒഴിഞ്ഞുമാറുന്നതിനായി ബ്രഹ്മസന്നിധിയിൽ നിന്നും നിർദേശിച്ചതനുസരിച്ചാണ് ശാന്തിഗിരിയിൽ കുംഭമേള ആഘോഷിക്കുന്നത്. 1977 മുതൽ ശാന്തിഗിരി ആശ്രമത്തിൽ കുംഭമേള ആഘോഷിച്ചുവരുന്നു. ആദ്യ കുംഭമേളയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 28 കുംഭങ്ങൾ കുംഭമേളയ്ക്കായി ശാന്തിഗിരി ആശ്രമത്തിൽ എത്തിച്ചേർന്നിരുന്നു.

ഗുരുചരണം ശരണം

മോഹനം ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)
ഫോൺ : 8089695320

# ഗുരുവാണി

ലോകത്ത് ജനങ്ങൾ ജീവിക്കാൻ തുടങ്ങിയ കാലം മുതൽ നല്ലതും ചീത്തയും വിവേചിക്കുന്ന രീതിയുണ്ട്. നല്ലതെന്നു നാം വിവക്ഷിക്കുന്നത് എന്തിനെയാകാം? ചിലർ പാട്ടുപാടിയാൽ മധുരതരമായിരിക്കും. ചിലരുടെ ആലാപനത്തിൽ അതില്ല. ചില സംഗീതവിദ്വാന്മാർ പാടുന്നതിനേക്കാൾ ഇമ്പമായി തെരുവുപിള്ളേർ പാടും. ശബ്ദമാധുര്യമുണ്ടെങ്കിൽ ക്ഷോഭിച്ചാൽപ്പോലും ആർക്കും അനിഷ്ടം തോന്നുകയില്ല. തമിഴ് ഭാഷ ഇമ്പമാർന്നതാണ്. തമിഴിലെ പാട്ടു കേട്ടാൽ ഭക്തി വർദ്ധിക്കും.

ആദിമകാലം തൊട്ടേ നല്ലതും ചീത്തയും തിരിക്കാൻ ശ്രമിച്ചുപോന്നിട്ടുണ്ട്. ഈ ഭൂമിയും അതിലെ ജീവജാലങ്ങളും ആവിർഭവിച്ച കാലവുമായി താരമത്യം ചെയ്യുമ്പോൾ വളരെ ചെറിയ ഒരു കാലയളവേ ആയിട്ടുള്ളൂ മനുഷ്യജീവിതത്തിന്റേത്. കാലാന്തരങ്ങളുടെ ഗതിവിഗതികളെ പരിശോധിച്ചു നോക്കിയാൽ ഇപ്പോഴുള്ളതിനേക്കാൾ എത്രയോ ഉയർന്ന സംസ്കാരം പല കാലങ്ങളിലും നിലനിന്നതായി കാണാം. കാലത്തിന്റെ മാറ്റം കൊണ്ട് സംസ്കാരത്തിനു മാറ്റം വരാം. പരിതസ്ഥിതിയും സംസ്കാരത്തിന്റെ സൂചകങ്ങളാകാറുണ്ട്. മനുഷ്യൻ എത്തിപ്പെടുന്ന സാഹചര്യത്തിന് അനുസൃതമായി അവന്റെ ഗുണവും മാറും. പക്ഷേ കാലത്തിനും ദേശത്തിനും സാഹചര്യത്തിനും അനുസരിച്ച് മാറാത്ത സംസ്കാരമുണ്ട്. അതാണ് യഥാർത്ഥ സംസ്കാരം. ആ സംസ്കാരം വർത്തമാനജീവിതത്തിൽ മനസ്സിനു പരിവർത്തനം വരുത്താൻ കഴിവുള്ളതാണ്. മാനസികപരിവർത്തനം പണം കൊണ്ടു വരാം; അറിവും ശീലവും കൊണ്ടും വന്നു ചേരാം.

നിങ്ങൾ ആശ്രമത്തിൽ വരികയും പോവുകയും ചെയ്യുന്നത് എന്തിനുവേണ്ടിയാണെന്ന് ചിന്തിക്കണം. അൻപതു ലക്ഷം ജനങ്ങളുടെ ഇടയിൽ ചിലപ്പോൾ അൻപത് ആശ്രമങ്ങൾ വന്നെന്നിരിക്കാം. ഈ ആശ്രമങ്ങളിൽതന്നെ വന്നുപോകുന്ന ജനങ്ങളോ, വളരെ കുറച്ചൊരു ശതമാനം മാത്രം. അതുതന്നെ അവരുടെ വാസനയ്ക്കൊത്ത ആവശ്യങ്ങൾ മുൻനിർത്തി. ചിലർ നേതാവാകാൻ, ചിലർ മോഷ്ടിക്കാൻ, മറ്റു ചിലർ ഏമാളിയാകാനായിരിക്കും വരുന്നത്.

ഇങ്ങനെ ഓരോ വാസനയും വാസനയ്ക്കൊത്ത ചേർച്ചയും വന്നുചേരാൻ കാരണമെന്താണെന്നു നാം ചിന്തിക്കണം. വളരെ സൂക്ഷിക്കുന്നവർക്കേ ഇതു മനസ്സിലാകൂ. ഓരോ സ്ഥലത്തും ഓരോ രീതിയിലുള്ള സംസ്കാരം. രാജ്യം മുഴുവൻ നല്ലതിനെ ആഗ്രഹിക്കുന്നു. ഭരണകൂടവും ആഗ്രഹിക്കുന്നത് നല്ലതു തന്നെ. പക്ഷേ നല്ലതു മതിയാവോളം എത്തിച്ചേരുന്നില്ല. എന്നാൽ തേച്ചു തേച്ചു നല്ലതാക്കാൻ കഴിയും, പരുപരുത്ത കല്ലിനെ ഉരച്ചുരച്ച് മിനുസപ്പെടുത്തുന്നതു പോലെ.

എല്ലാത്തരത്തിലും വിഷമമുള്ളതാണ് മനുഷ്യജീവിതം. ആശ്രമധർമ്മം അനുസരിച്ച് ജീവിക്കുക എന്നത് അതിലും വിഷമം. അഞ്ചു ധർമ്മങ്ങളെപ്പറ്റി മുമ്പു സൂചിപ്പിച്ചല്ലോ. അതിൽ ആശ്രമജീവിതത്തിന് ഉതകുന്നത് എവിടം മുതൽ ശരിയാകണം? രണ്ടു നാലു വിധത്തിലുള്ള ആശ്രമജീവിതമുണ്ട്. ആരോരുമില്ലാതെ കഷ്ടപ്പെട്ട്, ഒരു നേരത്തെ ആഹാരത്തിനു പോലും നിവൃത്തിയില്ലാതെ ആശ്രമത്തിൽ വരുന്നവർ. ആഹാരമുണ്ടെങ്കിലും മറ്റെന്തോ ആഗ്രഹിച്ച് സഫലമാകാതെ ആശ്രമത്തിൽ വരുന്നവർ. താടിയും വളർത്തി കുത്തിയിരുന്ന് ഒരു സന്യാസി ചെയ്യുന്നതിനേക്കാൾ എത്രയോ ഇരട്ടി ചെയ്യുന്നവരുണ്ട്. ഇതൊന്നും പക്ഷേ മറ്റുള്ളവർ കാണുന്നില്ല. അവരും കാണുന്നില്ല.

## വചനദീപ്തി

**നമുക്ക് ജാതിയില്ല**

ശ്രീനാരായണഗുരു

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 സെപ്റ്റംബർ 10 മുതൽ 16 വരെ*

| | |
|---|---|
| **ഞായർ** | **– കാഞ്ഞാംപാറ** |
| **തിങ്കൾ** | **– പോത്തൻകോട്** |
| **ചൊവ്വ** | **– പാലോട്ടുകോണം** |
| **ബുധൻ** | **– ജ്യോതിപുരം** |
| **വ്യാഴം** | **– ശാന്തിപുരം** |
| **വെള്ളി** | **– കരുണപുരം** |
| **ശനി** | **– ശാന്തിഗിരി ജംഗ്ഷൻ** |

## യാമപ്രാർത്ഥന

*2017 സെപ്റ്റംബർ 14 വ്യാഴം*

**ശാന്തിപുരം, കരുണപുരം, ജനസേവികപുരം**

## ജന്മഗൃഹ തീർത്ഥയാത്ര

*2017 സെപ്റ്റംബർ 23 ശനി*

**പ്രകാശപഥം**

# കുംഭമേള എന്ന് അറിയുന്ന പുണ്യദിനം

എന്റെ ആശ്രമജീവിതം ഗുരുവിന്റെ നിതാന്തമായ ജാഗ്രത നിറഞ്ഞ ഒരനുഭവത്തിന്റെ അറിവായിരുന്നു. ആശ്രമത്തിലെ ഓരോ കർമവും നേരത്തെ ചെയ്ത പരിചയം പോലെ തോന്നിച്ചു. ഗുരു പറഞ്ഞുതന്ന് അത് ചെയ്തെടുക്കുന്ന സ്വഭാവത്തിലെല്ലാം ആശ്രമസ്വഭാവത്തിന്റെ മഹിമയും രുചിയും കലർന്ന ഒരു ജീവിതത്തിന്റെ ഉടമസ്ഥാവകാശം. അത് സമുദ്രജലപ്രവാഹം പോലെയും സമുദ്രത്തിന്റെ അടിയിലെ ജലപ്രവാഹം പോലെയും ജീവന്റെ അറിവായി ഗുരു പകർന്നുതന്നിരുന്നു.

എന്റെ പെട്ടെന്നുള്ള ഒരു ഓർമയിൽ വരുന്ന ഒരു സംഭവം. അന്ന് ഓലമേഞ്ഞ ചെറിയ ഒരു പ്രാർത്ഥനാലയവും ഒരു പൂജാമുറിയും മണ്ഡപവും ചെറിയ ഇളംതിണ്ണയും ചെറിയ ഹാളും ആണുള്ളത്. ഏഴ് ദിവസം ഇടമുറിയാതെ അഖണ്ഡനാമം ജപിച്ച് ശക്തി പ്രാപിക്കണമെന്ന് ഗുരുവിന്റെ അവസ്ഥാന്തരത്തിന്റെ ഒരു ഭാഗത്ത് പ്രകാശത്തിൽ നിന്നും അറിയിപ്പ് കിട്ടി. ആ സമയത്ത് നടക്കുമ്പോഴും ഇരിക്കുമ്പോഴുമൊക്കെ മാംസക്കണ്ണുകൊണ്ട് തന്നെ ഗുരുവിന്റെ പ്രകാശത്തിൽ വാക്കുകൾ കിട്ടിയിരുന്നു. കിട്ടുന്ന ഓരോ കാര്യവും അപ്പപ്പോൾ തന്നെ ഗുരുവിനോട് ചോദിക്കുകയും അറിയുകയും തിരുത്തു നേടുകയും ചെയ്തിരുന്നു. അങ്ങനെ ഏഴാമത്തെ ദിവസം രാവിലെ ഏഴര മണിയോടുകൂടി എല്ലാപേരും ശക്തിയായി പ്രാർത്ഥിക്കാൻ ഒരറിയിപ്പ് കിട്ടുകയും ഗുരുവിന്റെ പ്രകാശം കാണണമെന്ന ആഗ്രഹത്തിൽ എല്ലാവരും ശക്തിയായി പ്രാർത്ഥിക്കുകയും ചെയ്തു. എന്താണ് കിട്ടുന്നതെന്നുള്ള ആകാംക്ഷ ഭയങ്കരമായിരുന്നു. അപ്പോൾ ഗുരു എന്നെയും മഹേശൻ അണ്ണനെയും വിളിച്ചിട്ട് പ്രാർത്ഥിക്കാനായി പറഞ്ഞു. ആ സമയത്ത് ഈ പ്രപഞ്ചം അല്ലെങ്കിൽ കണ്ണുകൊണ്ട് കാണുന്ന അന്തരീക്ഷം, എത്രയോ സൂര്യൻ ഉദിച്ചുയരുന്ന പ്രഭയിൽ ഗുരുവിന്റെ പ്രകാശത്തിൽ അലയടിക്കുന്നു. മനുക്കളും സപ്തർഷികളും സകലരും ഗുരുവിനെ വണങ്ങി നില്ക്കുന്നു. കനിവാർന്ന ഒരു പ്രകാശമാണ്. കന്നി നാലാം തീയതി അറിയിപ്പ് കിട്ടുന്നു: " ഞാൻ യുഗാന്തരങ്ങളായിട്ട് ആഗ്രഹിച്ച കാര്യം ഇന്ന് നടപ്പിലായി." "അഞ്ചു മണിക്ക് അഞ്ചു മിനിറ്റുള്ളപ്പോൾ ഞാൻ വരും. കുളിച്ചു വൃത്തിയായി ഈറൻ വസ്ത്രത്തോടെ എല്ലാപേരും ഒരേ മനസോടെ പ്രാർത്ഥിക്കണം. എന്റെ ഓർമ്മയ്ക്കായിട്ട് ഒരു കുംഭം എടുക്കണം. അത് സുഗന്ധദ്രവ്യങ്ങൾ നിറച്ച് മഞ്ഞത്തുണികൊണ്ട് പൊതിയണം." അത് ഗുരുവിന്റെ മുന്നിൽ വയ്ക്കുന്നതും കാണിച്ചു തന്നു. എന്നിട്ട് ഇതുപോലെ ഒരുക്കിവച്ച് നിങ്ങൾ പൂജിക്കണമെന്നും പിന്നീട് ഇത് വലിയ ഒരു കർമമായിട്ട് വരും എന്നും പറഞ്ഞു. കുംഭത്തിൽ എന്തൊക്കെ ഇലകളാണ് വയ്ക്കേണ്ടതെന്നും ഇലയുടെ കാര്യങ്ങളും വരെ കാണിച്ചു തന്നു. ആദ്യം മൺകുടത്തിൽ ചെയ്യാനാണ് പറഞ്ഞത്. പിന്നീട് അതിന്റെ മാറ്റം അനുസരിച്ച് വന്നുകൊള്ളും എന്നും അറിയിച്ചു. വ്രതശുദ്ധിയോടുകൂടി എടുക്കുന്നവർക്ക് തീരാവ്യാധികൾ മാറുകയും വലിയ ഫലങ്ങൾ കിട്ടുകയും ചെയ്യും. എല്ലാ ക്രമങ്ങളും അന്ന് കിട്ടുകയാണ്. – ബ്രഹ്മചര്യവ്രതം, മത്സ്യമാംസാദികൾ ഉപേക്ഷിക്കണം തുടങ്ങി സകലതും. അങ്ങനെയാണ് ഈ കുംഭത്തിന്റെ ആദ്യസ്വഭാവം.

ഋഷീശ്വരന്മാർ വന്നുനിന്ന് നിറകുംഭത്തോടെ ഗുരുക്കന്മാരെ സ്വീകരിക്കുന്നത് കാണിച്ചുതന്നു. ഇതുപോലെ നിങ്ങൾ ഗുരുവിനോട് പെരുമാറണമെന്ന് പറഞ്ഞുതരികയും ചെയ്തു. തീർത്ഥം ഓരോ തുള്ളി കഴിക്കണമെന്നും തീരാവ്യാധികൾ മാറുമെന്നും അന്നത്തെ ദിവസം അറിയിപ്പ് കിട്ടുകയുണ്ടായി. അപ്പോൾ ഗുരു ആരാണെന്ന് സ്ഥൂലസൂക്ഷ്മങ്ങളിൽ നിറഞ്ഞുനില്ക്കുന്ന ശക്തിവിശേഷങ്ങൾ തന്നെ വിളിച്ചുപറയുകയും പ്രകൃതിയിൽ അതു കാണുകയും ചെയ്യും. കുംഭമേള എന്ന് അറിയുന്ന ഈ പുണ്യദിനം ഗുരു ആരാണെന്നു വെളിവാക്കിത്തന്ന ബ്രഹ്മത്തിന്റെ ഒരു നിശ്ചയവും കരുതലുമാണ്.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# "വിഷമിച്ചു, അല്ലെ... സാരമില്ല, ഇനി പോ, ആയിക്കൊള്ളും..."

ആഗമാനന്ദാശ്രമത്തിലേക്കുള്ള യാത്രയ്ക്കിടയിൽ ഗുരുവിന്റെ മനസ്സിൽ അനവധി ചിന്തകൾ കടന്നുവന്നു. ആരിൽ നിന്നാണ് ഈ ഒറ്റപ്പെടൽ? എന്നെ സ്നേഹിക്കുന്നവരിൽ നിന്നോ? അതോ എന്നെ വെറുക്കുന്നവരിൽ നിന്നോ? തന്നെത്തന്നെ ഒന്നു വിശകലനം ചെയ്യാൻ ശ്രമിച്ചു. തനിക്കാരോടും വെറുപ്പില്ല. സ്നേഹിക്കുന്നവരാണധികം. പക്ഷെ അകലാനാണ് ഉൾപ്രേരണ.

എന്താണ് അവിടുത്തെ നിയോഗം? എന്തിനുവേണ്ടി കോടാനുകോടി ജന്മങ്ങളായി ഗുരുവിനെ മാറ്റി നിർത്തി ദൈവം പരിപാലിക്കുന്നു?

ആഗമാനന്ദാശ്രമത്തിൽ സന്തോഷകരമായ സ്വീകരണമാണ് ലഭിച്ചത്. പക്ഷെ അടുത്ത നിമിഷത്തിൽ മറിച്ച് സംഭവിച്ചു. അവിടെ കുട്ടികളെ നിർത്താൻ സൗകര്യമില്ല എന്നുപറഞ്ഞ് ഗുരുവിനെ തിരിച്ചയച്ചു. അവിടെ നിന്നും ഇറങ്ങിയതോടെ കൃഷ്ണപിള്ളയും പിരിഞ്ഞു. ലക്ഷ്യമില്ലാതെ ഏകനായി നടന്നു. സന്ധ്യയാകാറായി. ആ ഏകാന്തമായ പ്രദേശത്തിന്റെ അകലങ്ങളിലെവിടെയോ നിന്ന് ഒരു കുളിർകാറ്റ് വീശി. ആ കാറ്റ് തെല്ല് ആശ്വാസം പകർന്നു. അത് എവിടെയാണ് ഉത്ഭവിച്ചതെന്നോ എങ്ങനെയാണുത്ഭവിച്ചതെന്നോ നിശ്ചയമില്ല. പക്ഷെ ഒന്ന് മാത്രമറിയാം. അസാധാരണവും അപരിചിതവുമായ ആ വിജനഭൂമിയിൽ അസഹ്യമാംവിധം താൻ ഒറ്റപ്പെട്ടുപോയിരിക്കുന്നു.

തന്റെ യാത്രയ്ക്കുമില്ല നിശ്ചയം. പാഥേയം പോലും കരുതിയിട്ടില്ല. പക്ഷെ സർവ്വോൽകൃഷ്ടമായ പാഥേയം തന്റെ നിജനിക്ഷേപത്തിലുണ്ട് ദൈവത്തിന്റെ വിശിഷ്ട സാന്നിദ്ധ്യം. നടന്നു നടന്ന് എത്തിപ്പെട്ടത് ചൊവ്വര റയിൽവേ സ്റ്റേഷനടുത്തുള്ള ഒരു കുറ്റിക്കാട്ടിൽ. അവിടെ ഫക്കീർ വേഷധാരിയായ ഒരവധൂത സന്ന്യാസിയെ കണ്ടു. ആ സ്വച്ഛന്ദചാരിക്ക് ആ കുട്ടിയുടെ അവസ്ഥ നന്നായി മനസ്സിലായി. അദ്ദേഹം ഒരനുഗ്രഹ വാക്കു പറഞ്ഞു:
"വിഷമിച്ചു, അല്ലെ... സാരമില്ല, ഇനി പോ, ആയിക്കൊള്ളും..."

ദൈവത്തിന്റെ സ്നേഹം ജീവിതത്തിലുടനീളം അനുഭവപ്പെട്ടിട്ടുള്ളത് ഇങ്ങനെയാണ്. ഒരു കാര്യം നിവൃത്തിയാകുന്നതിനു മുമ്പായി അതിന്റെ ആക്കത്തിനും തൂക്കത്തിനും അനുസരിച്ചൊരു പ്രതിസന്ധി.

ലോകത്തിന്റെ എന്തെല്ലാം നീതികേടുകൾ, പ്രതിസന്ധികൾ, സംഘർഷങ്ങൾ കൗമാരം കടക്കുന്നതിനു മുൻപ് നേരിട്ടു. ഇവിടെയും ദൈവം രക്ഷയ്ക്കെത്തി. ഏത് ആപത്ഘട്ടത്തിലും വിടാത്ത ഗുരുവിന്റെ നിശ്ചയദാർഢ്യത്തിൽ ദൈവമെന്ന രക്ഷ പെട്ടെന്നു പ്രതിഫലിക്കും എന്നതാണു സത്യം.

വീണ്ടും മുന്നോട്ടു നടന്നു. വഴിക്കുവച്ച് രണ്ടുപേരുടെ സംഭാഷണശകലം കേൾക്കാനിടയായി. " ആശ്രമ കടവിൽ പോയി കുളിക്കാം" ആശ്രമം, കുളിക്കടവ് ആ വാക്കുകൾ ആ സന്ദർഭത്തിൽ ഒരാശ്വാസമായി.

സന്ധ്യാംബരത്തിന്റെ കുങ്കുമനിറം പ്രകൃതിയിൽ പരന്നു തുടങ്ങി. ആ അവസ്ഥ മനോഹരമാണ്. പക്ഷെ നിശീഥിനി അപ്പുറത്ത് മറഞ്ഞിരിപ്പുണ്ട്. അത് സന്ധ്യയുടെ ചാരുത കവർന്നെടുക്കും. സമയത്തിന്റെ ഈ കൈവേല പക്ഷെ അപ്രതിരോധ്യമാണ്.



*കുംഭമേള (ഫയൽ ചിത്രം)*




# ഇന്ന് ആത്മഹത്യാപ്രതിരോധ ദിനം

കണക്കുകൾ പ്രകാരം പ്രതിവർഷം പത്തു ലക്ഷത്തോളം പേരാണ് ലോകത്തിൽ ആത്മഹത്യ ചെയ്യുന്നത്. അതായത് ഓരോ സെക്കൻഡിലും നാല്പത് പേർ. പ്രതിദിനം മൂവായിരം പേർ. ബ്ലൂ വെയിൽ ഗെയിമുകളുടെയും മറ്റ് ന്യൂ ജനറേഷൻ ജീവിതശൈലികളുടെയും കാലത്ത് ആത്മഹത്യ പ്രതിരോധദിനത്തിന് വളരെ വലിയ പ്രസക്തിയുണ്ട്. ദൈവം തന്ന ജീവൻ സ്വയം ഇല്ലാതാക്കുന്നത് മതങ്ങളുടെയും മറ്റും കാഴ്ചപ്പാടിൽ വളരെ വലിയ പാപമായിട്ടാണ് പുമുതലേ കരുതപ്പെട്ടിരുന്നത്. എന്നാൽ മൂല്യങ്ങളുടെയും മറ്റും പൊളിച്ചെഴുത്ത് ഉായിട്ടുള്ള ആധുനികകാലത്ത് ആത്മഹത്യ ഒരു ഗെയിം പോലെ കണക്കാക്കുന്ന അവസ്ഥ വന്നു ചേർന്നിരിക്കുന്നു. ഇതിനെതിരെ ശക്തമായ പ്രതിരോധം ഉയർന്നുവരേതുണ്ട്. ലോക ആത്മഹത്യപ്രതിരോധ ദിനമായ ഇന്നത്തെ പ്രധാന ചിന്ത അതാണ്. സ്വജീവനെ സ്വയം ഹനിക്കുന്നവർ ജീവന്റെ ശ്രേണിയിൽ ഏറ്റവും ദയനീയമായി താഴേക്കു പതിക്കുമെന്ന് ഗുരു തന്റെ ഗുരുവാണികളിൽ പല തവണ മുന്നറിയിപ്പ് നല്കിയിട്ടുള്ള കാര്യം ഇത്തരുണത്തിൽ സ്മരണീയമാണ്. ജീവിതത്തിലെ പ്രതിസന്ധികളെ മറികടക്കാനുള്ള മാനസികബലമില്ലാതെയാണ് പലരും ആത്മഹത്യയുടെ വഴി തേടുന്നത്. ഇക്കാര്യത്തിൽ കുട്ടികൾക്കും യുവജനങ്ങൾക്കും ആവശ്യമായ ബോധവത്കരണം അനിവാര്യമാണ്. അമൂല്യമായ ജീവനെ നിസാരമായ കാരണങ്ങൾക്ക് വലിച്ചെറിയുന്ന ബുദ്ധിശൂന്യതയെക്കുറിച്ച് നമ്മുടെ പുതുതലമുറയെ ബോധ്യപ്പെടുത്തണം. ജീവനും ജീവിതവും അതുല്യമായ സമ്മാനമാണെന്നു തിരിച്ചറിഞ്ഞ് പ്രവർത്തിക്കാനുള്ള ആത്മബോധവും വിവേകവും വളർത്താൻ ഈ ദിനാചരണത്തിലൂടെയെങ്കിലും കഴിയട്ടെയെന്ന് ആഗ്രഹിക്കാം.

# ദിവംഗതരായി



ചന്ദ്രസേനൻ കെ.ആർ.

**അഗ്രികൾച്ചർ സോൺ:** മലപ്പുറം തിരൂർ പടിഞ്ഞാറേക്കര, കോരാട്ടിൽ ഹൗസിൽ ദിവംഗതനായ രവീന്ദ്രന്റെ മകൻ ചന്ദ്രസേനൻ കെ.ആർ. (23) സെപ്റ്റംബർ 6 ന് ദിവംഗതനായി. സംസ്കാരം അഗ്രികൾച്ചർ സോണിൽ വച്ചു നടന്നു. എൻ.എൻ.കമ്മ്യൂണിക്കേഷനിൽ വീഡിയോ എഡിറ്ററായിരുന്നു. തിങ്കളാഴ്ച രാത്രി വെഞ്ഞാറമൂട് വെച്ചുണ്ടായ ബൈക്ക് അപകടത്തിൽ പരിക്കേറ്റ് തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. മാതാവ് സരസ്വതി. സഹോദരങ്ങൾ: രഞ്ജിത്ത്.കെ.ആർ, പ്രിയതമൻ കെ.ആർ, സഹോദരി സബിത കെ.ആർ.സ്പിരിച്വൽ സോൺ കോൺഫ്രൻസ് ഹാളിൽ പൊതുദർശനത്തിനു വച്ച ഭൗതികശരീരത്തിൽ സന്ന്യാസിസന്ന്യാസിനിമാരും നൂറുകണക്കിന് ആത്മബന്ധുക്കളും ആദരാഞ്ജലി അർപ്പിച്ചു.

## ഒരമ്മയുടെ മനസ്...

വൈകിട്ടാണ് ചന്ദ്രസേനന്റെ അമ്മയെ അവന്റെ വിയോഗ വാർത്ത അറിയിക്കുന്നത്. സ്തംഭിച്ചുപോയ ആ മാതാവ് സ്വബോധം വീണ്ടെടുത്തപ്പോൾ പറഞ്ഞു അവനെ ഗുരുവിന്റെ അടുത്തുതന്നെ അടക്കം ചെയ്യണം എന്ന്. ആംബുലൻസ് പകുതി വഴിയിൽ എത്തിയെന്നു പറഞ്ഞിട്ടും അമ്മ സമ്മതിച്ചില്ല. ഹരിപ്പാടെത്തിയ ആംബുലൻസ് തിരികെ വിളിച്ചു. ജീവിതത്തിൽ ഇതിനേക്കാൾ ഏറെ എന്തുദു:ഖമാണ് അവർക്ക് വരാൻ. അപ്പോഴും വിശ്വാസത്തെ മുറുകെ പിടിക്കാൻ ആ അമ്മ കാണിച്ച മനസ്... ആ അമ്മയുടെ ഗുരുവിനോടുള്ള ഭക്തിയും വിശ്വാസത്തിന്റെ ഉറപ്പിനും മുന്നിൽ ശിരസ് നമിക്കുന്നു....

*(സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ വാട്സ് ആപ്പ് പോസ്റ്റിൽ നിന്ന്)*



*കെ. ശാന്ത*

**കരുണപുരം:** സർവാദരണീയ ജനനി സൗമ്യ ജ്ഞാനതപസ്വിനിയുടെ ജ്യേഷ്ഠസഹോദരി കരുണപുരം 'ഗുരുപ്രസാദ'ത്തിൽ കെ. ശാന്ത (75) സെപ്റ്റംബർ 3 ന് ദിവംഗതയായി. സംസ്കാരം നടന്നു. ഭർത്താവ് ദിവംഗതനായ നടരാജൻ. വർക്കല പേരേറ്റിൽ ചിറ്റിലക്കാട് വീട്ടിൽ കുടുംബാംഗമാണ്. അനന്തര പ്രാർത്ഥന ഒക്ടോബർ 13 ന് ആശ്രമത്തിൽ വച്ച് നടക്കും.



*സി.വി. ശങ്കരൻ*

**തൃശൂർ:** ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രം ഗവേണിംഗ് കമ്മിറ്റി സീനിയർ കൺവീനർ രാജൻ സി.എസിന്റെ പിതാവ് കൊടകര മറ്റത്തൂർകുന്നിൽ ശങ്കരൻ (86) സെപ്റ്റംബർ 8 ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ: കമലാക്ഷി. മറ്റുമക്കൾ: വിജയൻ സി.എസ്., അംബിക സി.എസ്., ദിവംഗതനായ തങ്കപ്പൻ സി.എസ്.



*കെ. സോമൻ*

**ആനന്ദപുരം:** ആനന്ദപുരം വന്ദനത്തിൽ സുലത സുഭാഷിന്റെ പിതാവ് ചിറയിൻകീഴ് കൂന്തള്ളൂർ ശ്യാമളത്തോപ്പ് വീട്ടിൽ സോമൻ (78) സെപ്റ്റംബർ 8 ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ ഷൈല. മറ്റുമക്കൾ: സുരേഷ്, സുഭാഷ്, സുലത.





*സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി 'അമ്മ'യുടെ അനുസ്മരണപ്രഭാഷണം നടത്തുന്നു*

# അമ്മയ്ക്ക് ശാന്തിഗിരി പരമ്പരയുടെ സ്നേഹാദരം

**സ്പിരിച്വൽ സോൺ:** അഭിവന്ദ്യ ശിഷ്യപൂജിതയുടെ വന്ദ്യ മാതാവ് പി.എൻ. രത്നമ്മ അമ്മയുടെ ദേഹവിയോഗത്തിന്റെ പതിനാറാം ദിവസത്തെ പ്രാർത്ഥനയും ചടങ്ങുകളും സെപ്റ്റംബർ 9 ശനിയാഴ്ച ആശ്രമത്തിൽ വച്ച് നടന്നു. ഉച്ചയ്ക്ക് ഗുരുപൂജ, ഗുരുവിന് തട്ടം സമർപ്പണം, പുഷ്പസമർപ്പണം, അന്നദാനം എന്നിവ നടന്നു. പതിനൊന്നു മണിക്ക് സ്പിരിച്വൽ സോൺ കോൺഫ്രൻസ് ഹാളിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ സന്ന്യാസിസന്ന്യാസിനിമാരും ബന്ധുമിത്രാദികളും ആത്മബന്ധുക്കളും പങ്കെടുത്തു. ഗുരു ആരെന്ന് തിരിച്ചറിയാൻ കഴിഞ്ഞ മഹദ്ജന്മമായിരുന്നു അമ്മയുടേതെന്ന് ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി പറഞ്ഞു. ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അനുസ്മരണ പ്രഭാഷണം നടത്തി. ഗുരുവിന്റെ അമ്മയുടെ അനന്തരചടങ്ങുകൾ പരമ്പര ചെയ്തതോടുകൂടി ശ്രീശങ്കരാചാര്യരുടെ കാലം മുതൽ നിന്ന ഒരു ദോഷം മാറിപ്പോകാൻ ഇടയായ സംഭവം സ്വാമി ചൂണ്ടിക്കാട്ടി. അതുപോലെ അമ്മയുടെ ദേഹാനന്തര ചടങ്ങുകളും സമുചിതമായി നിർവഹിക്കാൻ ശാന്തിഗിരി പരമ്പരയ്ക്ക് സാധിച്ചുവെന്നും സ്വാമി പറഞ്ഞു.സന്ന്യാസിസംഘത്തെ ഓരോരുത്തരുമായും അമ്മയ്ക്ക് അടുത്തബന്ധമുണ്ടായിരുന്നു.ഡോ.റ്റി.എസ്. സോമനാഥൻ, പി.വിജയകുമാരി എന്നിവരും സംസാരിച്ചു. രാവിലെ സഹകരണമന്ദിരത്തിൽ വിളക്കുതെളിയിച്ചു പ്രാർത്ഥനയും നടത്തിയിരുന്നു. ഉച്ചയ്ക്ക് സന്ന്യാസസംഘത്തിന്റെയും ആത്മബന്ധുക്കളുടെയും തട്ടം സമർപ്പണവും പ്രാർത്ഥനയും നടന്നു.

സഹകരണമന്ദിരത്തിൽ നടന്ന പുഷ്പസമർപ്പണത്തിൽ നൂറുകണക്കിന് ആത്മബന്ധുക്കൾ സംബന്ധിച്ചു.



*അമ്മയുടെ 16 ാം വിയോഗദിനത്തിൽ സഹകരണമന്ദിരത്തിൽ നടന്ന പ്രാർത്ഥന*

# കക്കോടി ആശ്രമം ബ്രാഞ്ച്: പ്രാഥമികഘട്ട കോൺക്രീറ്റിംഗ് പൂർത്തിയായി

**കോഴിക്കോട്:**ശാന്തിഗിരിആശ്രമം കക്കോടി ബ്രാഞ്ചിന്റെ കോൺക്രീറ്റിംഗ് വർക്കുകൾ സെപ്റ്റംബർ ഒന്നിന് നടന്നു. സ്വാമി നവകൃപ ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ആത്മബന്ധുക്കളുടെ നിർലോഭമായ സഹകരണത്തോടെയാണ് പ്രാഥമിക ഘട്ട കോൺക്രീറ്റിംഗ് വർക്കുകൾ പൂർത്തീകരിച്ചത്. രാവിലെ 8 മണിക്ക് പ്രാർത്ഥനാപൂർവ്വം ആരംഭിച്ച വർക്കുകൾ രാത്രിയോടെയാണ് പൂർത്തീകരിച്ചത്. കക്കോടി ബ്രാഞ്ച് ഹെഡ് ജനനി പൂജാ ജ്ഞാനതപസ്വിനി, ഇൻ ചാർജ് സ്വാമി ജനപുഷ്പൻ ജ്ഞാനതപസ്വി എന്നിവർക്കു പുറമെ സ്വാമി മധുശ്രീ ജ്ഞാനതപസ്വി, സ്വാമി മധുരനാദൻ ജ്ഞാനതപസ്വി, സ്വാമി മനുചിത് ജ്ഞാനതപസ്വി, സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വി തുടങ്ങി സന്ന്യാസി സന്ന്യാസിനിമാർ നേതൃത്വം നല്കി.

2014 ഫെബ്രുവരിയിൽ അഭിവന്ദ്യ ശിഷ്യപൂജിതയാണ് ആശ്രമം ബ്രാഞ്ചിന്റെ ശില്യാന്യാസം നിർവഹിച്ചത്. ആ വർഷം തന്നെ മെയ് മാസത്തോടെ പണികൾ ആരംഭിച്ചു. എൺപത് അടി ഉയരത്തിലാണ് പ്രാർത്ഥനാലയം ഉയരുന്നത്. നിലവിൽ 27 അടി ഉയരത്തിലുള്ള കോൺക്രീറ്റിംഗ് വർക്കുകളാണ് പൂർത്തിയായിരിക്കുന്നത്.

# പൗർണമി ഭക്തിസാന്ദ്രം

**സ്പിരിച്വൽ സോൺ:** ചിങ്ങമാസത്തിലെ പൗർണമി സെപ്റ്റംബർ അഞ്ചിന് ഭക്തിനിർഭരമായി ആഘോഷിച്ചു. രാവിലെ നടന്ന പുഷ്പസമർപ്പണത്തിലും പ്രാർത്ഥനാസങ്കല്പങ്ങളിലും ഉച്ചയ്ക്ക് നടന്ന തട്ടം സമർപ്പണത്തിലും നൂറുകണക്കിന് ആത്മബന്ധുക്കൾ പങ്കെടുത്തു. ആറുമണിയുടെ ആരാധനയ്ക്കുശേഷം കുംഭ-ദീപ പ്രദക്ഷിണവും ഉണ്ടായിരുന്നു.

## ജന്മദിനാശംസകൾ



ചിങ്ങം 27 കാർത്തികനാളിൽ
ജന്മനാൾ ആഘോഷിക്കുന്ന
**ഗുരുചിന്തനന്** (ദിവംഗതനായ
**പി.ദേവരാജന്റെ** കൊച്ചുമകൻ)
**ആശംസകളോടെ**
ശോഭന (അച്ചമ്മ)
ജനപ്രിയൻ.ഡി (അച്ഛൻ)
അശ്വതി പി.ആർ. (അമ്മ)

## പ്രാർത്ഥന

ഓഗസ്റ്റ് 2 ന് ദിവംഗതനായ ജനസേവികപുരം യൂണിറ്റ് 'നിത്യസുഖം' ഭവനത്തിൽ പി.എം. ജോസിന്റെ(75) നാല്പത്തിയൊന്നാം ദിവസത്തെ പ്രാർത്ഥനാചടങ്ങുകൾ സെപ്റ്റംബർ 11 ന് ആശ്രമത്തിൽ വച്ചു നടക്കുകയാണ്. ആത്മബന്ധുക്കൾ ഈ പ്രാർത്ഥനയിലും ചടങ്ങുകളിലും പങ്കെടുക്കണമെന്ന് ഗുരുനാമത്തിൽ അഭ്യർത്ഥിക്കുന്നു. ആത്മബന്ധുക്കൾക്കായി പ്രഭാതഭക്ഷണം ഒരുക്കിയിട്ടുണ്ട്.



പി.എം. ജോസ്

പ്രാർത്ഥനയോടെ
ഭാര്യ: അന്നക്കുട്ടി ജോസ്
മക്കൾ: അജോ ജോസ് ബിജോ ജോസ്
മരുമക്കൾ: ഡാലിയ, പ്രിയ.

## പ്രാർത്ഥന

ഓഗസ്റ്റ് 7 ന് ദിവംഗതയായ ഞങ്ങളുടെ വന്ദ്യ മാതാവും എഴുകോൺ കാരുവേലിൽ പേഴുവിള വീട്ടിൽ ദിവംഗതനായ കെ. ദിവാകരന്റെ ഭാര്യയുമായ കെ. മാലതി അമ്മയുടെ നാൽപത്തിയൊന്നാം ദിവസത്തെ പ്രാർത്ഥനാ ചടങ്ങുകൾ സെപ്റ്റംബർ 16, ശനിയാഴ്ച ശാന്തിഗിരി ആശ്രമത്തിൽ വച്ച് നടക്കുകയാണ്. ആത്മബന്ധുക്കൾ ഈ പ്രാർത്ഥനയിലും ചടങ്ങുകളിലും പങ്കെടുക്കണമെന്ന് ഗുരുനാമത്തിൽ അഭ്യർത്ഥിക്കുന്നു.



കെ. മാലതി

പ്രാർത്ഥനയോടെ
*മക്കൾ* : ഡി.എം. കിഷോർ, ഡി. സുരേഷ് ബാബു,
ഡി. പ്രദീപ് കുമാർ,
ദിവംഗതരായ ഡി. ശശികുമാരി, ഡി. ഗീത.
*മരുമക്കൾ* : പി.വി. കമലാദേവി, പി.ജി. വിദ്യാരുണ്യൻ,
ഡോ.എൻ. അമ്പിളി, ഡോ. എം. ദേവദാസൻ,
ഡോ. ബി. ഉഷാകുമാരി.